"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം -ശ്രീമതി രശ്മി ചന്ദ്രൻ, എൽ.പി.എസ്.ടി, ജി.എച്ച്.എസ്. മീനടത്തൂർ, മലപ്പുറം - കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം - അനുവദിച്ച് - ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(യു) വകുപ്പ്**

സ.ഉ.(കൈ) നം.85/2022/GEDN തീയതി,തിരുവനന്തപുരം, 27-05-2022

---

പരാമർശം:-

1. സ.ഉ(അ) നം.36/1991/ഉ.ഭ.പ.വ, തീയതി 02/12/1991
2. ശ്രീമതി രശ്മി ചന്ദ്രൻ 13/11/2021 ൽ സമർപ്പിച്ച അപേക്ഷ.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/01/2022 ലെ എ1/15217/ഡിപിഐ നമ്പർ കത്ത്.
4. കൊല്ലം കളക്ടറുടെ 28/02/2022 ലെ ഡിസികെഎൽഎം/731/2022എം6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മീനടത്തൂർ ജി.എച്ച്.എസ്.ൽ 2019 ജൂൺ മാസം മുതൽ എൽ.പി.എസ്.ടി തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി രശ്മി ചന്ദ്രന്റെ മകൻ ഭവേഷ് കൃഷ്ണ രക്താർബുദ രോഗത്തിന് തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിൽ 2014 മുതൽ ചികിത്സയിലാണെന്നും കുട്ടിക്ക് രോഗപ്രതിരോധ ശേഷി കുറവായതിനാൽ തുടർ ചികിത്സയ്ക്കായി മലപ്പുറത്തു നിന്ന് തിരുവനന്തപുരത്തേക്കുള്ള യാത്ര ദുഷ്കരമായതിനാൽ പരാമർശം 1 ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകി കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന് പരാമർശം 2 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2.സഹതാപർഹ സ്ഥലംമാറ്റത്തിനായി കൊല്ലം ജില്ലയിൽ 2019-20 വർഷത്തിൽ 4 ഒഴിവുകളും 2021-22 വർഷത്തിൽ 2 ഒഴിവുകളും മാറ്റി വച്ചിട്ടുള്ളതായി കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ അറിയിച്ചിട്ടുള്ളതായി പരാമർശം 3 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊട്ടാരക്കര സ്വദേശിനിയായ ശ്രീമതി രശ്മി ചന്ദ്രൻ നിലവിൽ മലപ്പുറം ജില്ലയിലെ മീനടത്തൂർ ജി.എച്ച്.എസ്.ൽ 2019 ജൂൺ മാസം മുതൽ എൽ.പി.എസ്.ടി തസ്തികയിൽ സേവനം ചെയ്തുവരികയാണെന്നും ടിയാരിയുടെ മകൻ 2014 മുതൽ തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിൽ ചികിത്സയിലാണെന്നും, രോഗപ്രതിരോധ ശേഷി കുറവുള്ള കുട്ടിയുടെ ഇടവിട്ടുള്ള ചെക്കപ്പിനായി റീജണൽ ക്യാൻസർ സെന്ററിലേക്ക് കൊണ്ടു പോകേണ്ടതിനാൽ മലപ്പുറത്തു നിന്ന് തിരുവനന്തപുരത്തേക്കുള്ള യാത്ര ദുഷ്കരമായതിനാൽ ശ്രീമതി രശ്മി ചന്ദ്രന് മലപ്പുറം ജില്ലയിൽ നിന്ന് കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന് പരാമർശം 4 പ്രകാരം കൊല്ലം ജില്ലാ കളക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് 5 വർഷം സേവനം പൂർത്തിയായിരിക്കണമെന്ന പരാമർശം 1 ഉത്തരവിലെ നിബന്ധനയിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, മലപ്പുറം മീനടത്തൂർ ജി എച്ച് എസ്സിലെ എൽ പി എസ് ടി ശ്രീമതി രശ്മി ചന്ദ്രന് കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
ശ്രീമതി. രശ്മി ചന്ദ്രൻ, എൽ പി.എസ്.ടി ,ഗവ,എച്ച്.എസ്,മീനടത്തൂർ, മലപ്പുറം.
പൊതുഭരണ എസ്.സി വകുപ്പ്(25/05/2022 ലെ ഇനം.നം. 761)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Jubair H**
**Date: 28-05-2022 11:01:27**

സെക്ഷൻ ഓഫീസർ

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-05-2022

ഫയൽ നം. യു2/393/2021/പൊവിവ. ഇനം നം: 761

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലയിലെ മീനടത്തൂർ ഗവ. ഹൈസ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി. രശ്മി ചന്ദ്രന് ഒരു പ്രത്യേക കേസായി പരിഗണിച്ച്, കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

26/5/22
US

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.



Generated from eOffice by MEERA SALIM, SN-ASST (U4) G.EDN, SN-ASST (U4) G.EDN, GEDN on 07/06/2022 02:54 PM

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രി സഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്.**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : യു2/393/2021/പൊവിവ. |
| 2. | വകുപ്പ് | : പൊതുവിദ്യാഭ്യാസ (യു) വകുപ്പ്. |
| 3. | വിഷയം | : മലപ്പുറം ജില്ലയിലെ മീനടത്തൂർ ഗവ. ഹൈസ്കൂളിലെ എൽ.പി.എസ്.റ്റിശ്രീമതി. രശ്മി ചന്ദ്രന്, പ്രത്യേക കേസായി പരിഗണിച്ച്, കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : 30/04/2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : അല്ല<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ:ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര്. | : ശ്രീമതി ബീനാറാണി ജി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : ശ്രീ.എ പി എം മുഹമ്മദ് ഹനീഷ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 17.05.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : ഡോ. വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 20-05-2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : ശ്രീ. വി. ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 21.05.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : |

16/5/22

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിലെ മീനടത്തൂർ ഗവ. ഹൈസ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി രശ്മി ചന്ദ്രന്, അന്തർ ജില്ലാ സ്ഥലം മാറ്റം സംബന്ധിച്ച് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകി, കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2.ശ്രീമതി രശ്മി ചന്ദ്രൻ 2019 ജൂൺ മുതൽ മലപ്പുറം ജില്ലയിലെ മീനടത്തൂർ ജി.എച്ച് .എസ്.ൽ എൽ.പി.എസ്.ടി തസ്തികയിൽ ജോലി ചെയ്ത് വരികയാണെന്നും ടിയാരിയുടെ മകൻ തിരുവനന്തപുരം RCC യിൽ രക്താർബുദത്തിന് ചികിത്സയിൽ ആണെന്നും കുട്ടിയ്ക്ക് രോഗപ്രതിരോധ ശേഷി കുറവായതിനാൽ മറ്റസുഖങ്ങൾ പിടിപെടാനുള്ള സാധ്യത കൂടുതലാണെന്നും മലപ്പുറം ജില്ലയിൽ നിന്ന് തിരുവനന്തപുരം RCC യിലേക്ക് കുട്ടിയെ ചികിത്സക്കായി കൊണ്ടു പോകുവാൻ പ്രയാസം അനുഭവപ്പെടുന്നുവെന്നും ആയതിനാൽ മലപ്പുറം ജില്ലയിൽ നിന്ന് കൊല്ലം ജില്ലയിലേക്ക്; ഒരു പ്രത്യേക പരിഗണന നൽകി, അന്തർജില്ലാ സ്ഥലം മാറ്റം നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

3. 2019-20 വർഷത്തെ 4 ഒഴിവുകളും 2020-21 വർഷത്തെ രണ്ട് ഒഴിവുകളും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റി വെച്ചിട്ടുള്ളതായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുള്ളതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി രശ്മി ചന്ദ്രൻ മലപ്പുറം ജില്ലയിൽ മീനടത്തൂർ GHS-ൽ LPST ആയി ജോലി ചെയ്യുന്നതും നിലവിൽ കുടുംബത്തോടൊപ്പം താമസിച്ചുവരുന്നതുമാണെന്നും. അപേക്ഷകയുടെ 11 വയസ്സുള്ള മകൻ രക്താർബുദം ബാധിച്ച് 2014 മുതൽ തിരുവനന്തപുരം RCC-യിൽ ചികിത്സയിൽ കഴിഞ്ഞുവരുന്നതായും ഇപ്പോൾ ഫോളോ അപ് നടത്തിവരുന്നതായും തിരുവനന്തപുരം RCC-യിൽ നിന്നും 12/12/2021-ൽ നൽകിയ ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം ബോധ്യപ്പെട്ടിട്ടുണ്ടെന്നും കുട്ടിയുടെ ചികിത്സയ്ക്കായി നിലവിൽ ജോലി ചെയ്യുന്ന മലപ്പുറം ജില്ലയിൽ നിന്നും തിരുവനന്തപുരത്തേക്ക് എത്തുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ അപേക്ഷകയെ അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നതിന് നിയമപരമായി പരിഗണിക്കാമെന്നും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. അന്തർ ജില്ലാ സ്ഥലം മാറ്റം സ്ബന്ധിച്ച് ~~പി ആന്റ് എ ആർ ഡി~~യുടെ 02/11/1991 ലെ ജി ഒ (പി) 36/1991/പി ആന്റ് എ ആർ ഡി ഉത്തരവിന്റെ ഖണ്ഡിക 5 ചുവടെ ചേർക്കുന്നു.

Relaxation of the five year rule in very exceptional cases that need sympathetic consideration will require the approval of the Council of

Ministers. Cases should not be proposed for relaxation in a routine manner. There should be clear justifying grounds supported by the report of the District Collector of the district to which transfer is sought for. Proposal for relaxation in such cases shall be routed through Chief Secretary.

5. മേൽ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് റിക്രൂട്ട് ചെയ്യപ്പെട്ട ജില്ലയിൽ 5 വർഷ സേവനം പൂർത്തിയാക്കേണ്ടതുണ്ട്. ശ്രീമതി. രശ്മി ചന്ദ്രൻ 2019 ൽ മലപ്പുറം ജില്ലയിൽ സേവനത്തിൽ പ്രവേശിച്ചതിനാൽ മേൽ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയില്ല. എന്നാൽ മേൽ ഉത്തരവിലെ ഖണ്ഡിക.(5) ൽ സഹതാപാർഹമായ കേസുകളിൽ മേൽ വ്യവസ്ഥയിൽ ഇളവ് നൽകുന്ന കാര്യം പ്രതിപാദിച്ചിട്ടുണ്ട്. കൊല്ലം ജില്ലാകളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീമതി രശ്മി ചന്ദ്രനെ അന്തർജില്ലാസ്ഥലം മാറ്റത്തിനായി പരിഗണിക്കാമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ആയതിനാൽ മലപ്പുറം മീനടത്തൂർ ഗവ: ഹൈസ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി രശ്മി ചന്ദ്രന്, മേൽ സർക്കാർ ഉത്തരവിന്റെയും, കൊല്ലം ജില്ലാകളക്ടറുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, മലപ്പുറം ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി, ഫയൽ ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 02/12/1991 ലെ സ.ഉ(പി) നം.36/1991/ ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷ സേവനം പൂർത്തിയായിരിക്കണം എന്ന നിബന്ധനയിൽ ഇളവ് നൽകി, കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, മലപ്പുറം മീനടത്തൂർ ഗവ: ഹൈസ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി രശ്മി ചന്ദ്രന്, മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക(5) പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാമോ?

13/5/22

16/5/22

16/5/2022

17/5/22